# വളപ്പൊട്ടുകൾ

ഈയിരുൾപ്പാത തന്നോരത്തു കൂടെ ഞാൻ
വീണ്ടും നടക്കുന്നു; നിശ്ചല ദൃശ്യങ്ങൾ
മിന്നിത്തെളിഞ്ഞു മറയും വിദൂരമാം
ചക്രവാളങ്ങൾക്കുമപ്പുറമിന്നലെ
എൻെറ നിരാലംബ മോഹങ്ങൾ കൈകോർത്തു
മുട്ടിയുരുമ്മിയിരുന്നു; തിരകൾ വ-
ന്നീക്കടൽത്തീരത്തു മുട്ടിത്തകർന്നതും
നോക്കിയിരുന്നു; കാലങ്ങൾ തൻ കാല്പാടു
മാഞ്ഞുപോയീ വളപ്പൊട്ടുകൾ മാത്രമു-
ണ്ടേകാന്തമീ മണൽത്തീരത്തിലിപ്പൊഴും.

ചിന്നിച്ചിതറിയോരീ വളപ്പൊട്ടുകൾ
നുള്ളിപ്പെറുക്കിയെടുത്തു ഞാനീയന്ധ-
കാരത്തിലൂടെ നടക്കവേ പിന്നിൽ നി-
ന്നാരാണു നേർത്ത മധുര സ്വരത്തിലെ-
ന്നാത്മാവിലൂറുമീ നൊമ്പരം പോൽ വീണ
മീട്ടുന്നു പാടുന്നു? ഞാനറിയാതെൻെറ
വാക്കുകൾക്കീണങ്ങൾ നല്കുന്നു? നിശ്ശബ്ദ-
രാവിൻെറ മാറിലുറങ്ങിക്കിടക്കുന്ന
മോഹങ്ങളേ! മുഗ്ധഭാവങ്ങളേ! നിങ്ങ-
ളോർമ്മ തൻ നീണ്ട നടപ്പാതയിൽ കണ്ടു
പണ്ടേ മറന്ന കളിത്തോഴർ; ഇന്നിതാ
പിന്നെയുമീ രംഗവേദിയിലൊത്തു നാം.

നീല യവനിക വീഴുന്നതും നോക്കി
യാത്രാ മൊഴികൾ പറയാനറിയാതെ
മൂകരായന്യരെപ്പോലെ പിരിഞ്ഞു നാം. ■

